**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** **13-12-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസത്തിനും സംരംഭകത്വത്തിനും ഊന്നൽ കൊടുക്കുന്ന പുതിയ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത് എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇതുവഴി എത്ര തൊഴിൽ പുതുതായി സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിലായിരിക്കും നടക്കുക. പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടി നടത്തി. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാണ്. 2022, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലൈസൻസ്/ലോൺ/ സബ്സിഡി മേളകൾ നടത്തി. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനോടകം എത്ര സംരംഭങ്ങൾ ആരംഭിക്കാൻ | (ബി) | പദ്ധതി ആരംഭിച്ച് 12.12.2022 വരെ സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | കഴിഞ്ഞിട്ടുണ്ട്; ഇതുവഴി എത്ര രൂപയുടെ നിക്ഷേപവും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്; | | 103571 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 6386.01 കോടി രൂപ നിക്ഷേപം വരുകയും, സംസ്ഥാനമൊട്ടാകെ 225011 തൊഴിലസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജനസാന്ദ്രതയേറിയ സംസ്ഥാനമായ കേരളത്തിൽ വൻകിട വ്യവസായ പ്രോജക്ടുകൾക്ക പകരം, ടൂറിസത്തിനും, സംരംഭകത്വത്തിനും ഊന്നൽ കൊടുക്കുന്ന പുതിയ സംരംഭങ്ങൾ ഉണ്ടാകുന്നതിനാവശ്യമായ സാമ്പത്തികസഹായം ഉൾപ്പടെയുള്ളവ ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി കേരളാ സംരംഭക വായ്പാ പദ്ധതി (KELS) എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 2022 ഏപ്രിൽ 1 മുതൽ, ലഭ്യമാകുന്ന ബാങ്ക് വായ്പയിന്മേൽ 6% വരെ പലിശ സബ്സിഡി നൽകുന്ന പദ്ധതിയും വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിന് താഴെപറയുന്ന ധനസഹായപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>(1) സംരംഭക സഹായ പദ്ധതി<br><br>(2) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>(3) ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്<br><br>(4) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/ പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ<br><br>Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>The Kerala stressed MSMEs Revival & Rehabilitation Scheme<br><br>(5) ഒരു കുടുംബം,ഒരു സംരംഭം പദ്ധതി<br><br>(6) മാനുഫാക്ചറിംഗ് മേഖലയിലെ<br><br>സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>(7) നിലവിലുള്ള എം.എസ്.എം.ഇ - കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള (സ്കെയിലിംഗ് അപ്) സഹായം. |

സെക്ഷൻ ഓഫീസർ